## സഭയുടെ അധഃപതനത്തിന്റെ നടുവിലെ ദൈവജനത്തിന്റെ ശേഷിപ്പ്

**I. സഭയുടെ അധഃപതനത്തിന്റെ നടുവിലും, കർത്താവിനോട് വിശ്വസ്തത നിലനിർത്തുവാൻ അവനിൽനിന്നും കരുണ സ്വീകരിക്കുന്ന ദൈവജനത്തിന്റെ ശേഷിപ്പിന്റെ ഇടയിലായിരിക്കണം നാം**

- **ഒനേസിഫൊരോസ്** — കർത്താവിന്റെ നിയോഗം നിമിത്തമുള്ള യാതൊന്നിലും ലജ്ജിക്കാതെ പൊതു പ്രവണതയെ ചെറുക്കുകയും, അധോഗതിക്കെതിരെ നിലകൊള്ളുകയും ചെയ്ത ഒരു ജയാളിയായിരുന്നു
- **തിമൊഥെയൊസ്** — ദൈവവചനം ശുശ്രൂഷിക്കുവാൻ പൂർണമായി തികഞ്ഞവനാക്കപ്പെട്ടവനും സജ്ജനാക്കപ്പെട്ടവനുമായി സഭയ്ക്കുവേണ്ടി ആത്മാർത്ഥമായി കരുതുന്നതിൽ അപ്പൊസ്തലനായ പൗലോസിനോട് സമ-ദേഹിയായിരുന്നു
- **ലൂക്കൊസ്** — പൗലൊസിന്റെ രക്തസാക്ഷിത്വം വരെ വിശ്വസ്ത സഹചാരിയായിരുന്ന, പ്രിയനായിരുന്നു
- **തീത്തൊസ്** — സഭകൾക്കുവേണ്ടി കരുതുവാൻ പൗലൊസിന്റെ അതേ ആത്മാവിലും അതേ ചുവടുകളിലും നടന്നു
- **മർക്കൊസ്** — ശുശ്രൂഷയ്ക്കുവേണ്ടി പൗലൊസിന് ഉപയോഗപ്രദനായിരുന്നു

## സഭയുടെ അധഃപതനത്തെ ജയിക്കുവാനുള്ള മാർഗം

**II. ഉപദേഷ്ടാക്കന്മാരും, പടയാളികളും, മത്സരിക്കുന്നവരും, കർഷകരും, സത്യവചനത്തെ നേരേ മുറിക്കുന്ന വേലക്കാരുമായിരിക്കുവാൻ നാം ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെടണം**

- **ഉപദേഷ്ടാക്കന്മാർ:** നമുക്ക് കർത്താവിന്റെ പഥ്യവചനങ്ങളുടെ ഒരു നിക്ഷേപം ഉണ്ടായിരിക്കുകയും, വിശ്വസ്തരായ മറ്റുള്ളവർ നല്ല കാര്യവിചാരകന്മാർ ആയിരിക്കേണ്ടതിന് കർത്താവിൽനിന്ന് നല്ലൊരു നിക്ഷേപം ഉണ്ടായിരിക്കുവാൻ നാം അവരെ പരിശീലിപ്പിക്കണം
  - ദൈവത്തിന്റെ വ്യവസ്ഥയുടെ പഠിപ്പിക്കലിനാൽ നാം അവരെ മേയ്ക്കണം
  - ദിവ്യജീവനെ പകർന്നുകൊണ്ട് യേശുവിന്റെ മനുഷ്യത്വത്തിൽ പരിലാളിക്കുകയും, ദിവ്യ സത്യങ്ങൾ പഠിപ്പിച്ചുകൊണ്ടു ക്രിസ്തുവിന്റെ ദിവ്യത്വത്തിൽ പോഷിപ്പിക്കുകയും ചെയ്തുകൊണ്ട് മേയ്ക്കണം.
- **പടയാളികൾ:** പൗരോഹിത്യസേവനം ഒരു സൈനികസേവനമായി, ഒരു യുദ്ധമായി, കണക്കാക്കപ്പെട്ടിരുന്നതുപോലെ, ക്രിസ്തുവിനു വേണ്ടിയുള്ള സേവനം പടയാളികളെന്ന നിലയിലുള്ള ഒരു പോരാട്ടമാണ്
  - ഭിന്നാഭിപ്രായക്കാരുടെ വ്യത്യസ്ത പഠിപ്പിക്കലുകൾക്കെതിരെ യുദ്ധം ചെയ്യുകയും ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുകയും വേണം
  - നാം എല്ലാ ഭൗമിക കുരുക്കുകളും നീക്കിക്കളയുകയും നമ്മുടെ മനുഷ്യജീവനിൽ ആശ്രയിക്കാതെ നിത്യജീവനെ മുറുകെപ്പിടിക്കുകയും വേണം
  - ദൈവത്തിന്റെ ഒടുക്കത്തെ ശത്രുവായ മരണത്തിനെതിരെ യുദ്ധം ചെയ്യുവാൻ നാം ജാഗ്രതയുള്ളവരായിരിക്കണം
  - നമ്മുടെ ഹിതം ക്രിസ്തുവിനാൽ കീഴടക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും വേണം
- **മത്സരാർഥികൾ:** നമ്മുടെ ഓട്ടം തികയ്ക്കുന്നതുവരെ മത്സരികളായും കായികതാരങ്ങളായും നാം ക്രിസ്തീയ ഓട്ടം ഓടണം
  - നമ്മുടെ സ്വന്തം പ്രയത്നം കൊണ്ടല്ല, ആത്മാവിനാൽ നമ്മുടെ ശരീരത്തെ നാം കീഴടക്കി ആത്മനിയന്ത്രണം ഉള്ളവർ ആയിരിക്കണം
  - അടുത്ത യുഗത്തിൽ അവൻ നമ്മുടെ ജീവകിരീടമായിരിക്കുവാൻ, നീതിയുടെ കിരീടമായിരിക്കുവാൻ, വിശുദ്ധിയുടെ കിരീടമായിരിക്കുവാൻ, തേജസ്സിന്റെ കിരീടമായിരിക്കുവാൻ നാം കർത്താവിലേക്കു നോക്കണം
- **കർഷകർ:** സഭ ദൈവത്തിന്റെ കൃഷിഭൂമിയായ ദൈവത്തിന്റെ കൃഷിയിടവും, നാം സർവാനുയോജ്യമായ ജീവനാൽ അവനോടുകൂടെ കൃഷിക്കാരായി ഒരുമിച്ച് പ്രവർത്തിക്കുന്ന ദൈവത്തിന്റെ സഹപ്രവർത്തകരുമാണ്
  - ദൈവ വചനം ജീവനും, തീയും, ചുറ്റികയുമാണ്
  - മറ്റുള്ളവർ കർത്താവിൽ വളരേണ്ടതിന് ക്രിസ്തുവിനെ അവർക്ക് ശുശ്രൂഷിക്കുക
- **വേലക്കാർ:** ആശാരിപ്പണിയിലെന്നപോലെ ദൈവവചനത്തെ അതിന്റെ വിവിധ ഭാഗങ്ങളിൽ ശരിയായും നേരേയും യാതൊരു വളച്ചൊടിക്കലുമില്ലാതെ ദൈവത്തിന്റെ വേലക്കാരെന്ന നിലയിൽ സത്യവചനത്തെ നേരേ മുറിക്കണം